ഒരു ആരോഹണക്രമത്തിലാണു ആവിഷ്ക്കരിച്ചിരിക്കുന്നത്. അവ താഴെ ചേർക്കുന്നു:—

കെട്ടിടങ്ങളുടെ മൂല്യം	നികുതിനിരക്ക് കെട്ടിടത്തിന്റെ മൂല്യത്തിന്റെ ശതമാനത്തിൽ
1. മൂല്യം 10,000 രൂപയോ അതിൽ കുറവോ ആയാൽ	ഇല്ല
2. കെട്ടിടത്തിന്റെ മൂല്യം 10,000 രൂപയിൽ കൂടിയാൽ:—	
(എ) കൂടുതൽ തുകയിലെ ആദ്യത്തെ 10,000 രൂപയ്ക്ക്	1
(ബി) കൂടുതൽ തുകയിലെ അടുത്ത 10,000 രൂപയ്ക്ക്	2
(സി) കൂടുതൽ തുകയിലെ അടുത്ത 20,000 രൂപയ്ക്ക്	3.5
(ഡി) കൂടുതൽ തുകയിലെ അടുത്ത 50,000 രൂപയ്ക്ക്	8
(ഇ) കൂടുതൽ തുകയിലെ ബാക്കിക്ക്	20

മേൽപ്പറഞ്ഞ നിരക്കിലുള്ള നികുതി ഒന്നിച്ചോ ദ്വൈമാസികതവണകളായോ കെട്ടിടങ്ങൾ പണിഞ്ഞു കഴിഞ്ഞാലുടൻ വസൂലാക്കപ്പെടുന്നതാണ്. ഡിമാൻറ് നോട്ടീസിൽ അനുവദിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ നികുതി ഒന്നിച്ച് അടച്ചു തീർക്കുന്നവർക്ക്, ഒരു ശതമാനം നികുതി ഇളവു നൽകുന്നതായിരിക്കും. പല ഘട്ടങ്ങളിലായി പണിതു തീർക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ, പണിതു തീർത്ത് ഉപയോഗയുക്തമാക്കപ്പെട്ട ഭാഗങ്ങളിൻമേൽ ആദ്യപടിയായി നികുതി ചുമത്തപ്പെടുന്നതും പിന്നീട് അതു പടിപടിയായി പുതുക്കപ്പെടുന്നതുമാണ്. ഈ ഇനത്തിൽ നിന്നുള്ള വാർഷികവരവ് 25 ലക്ഷം രൂപയായിരിക്കുമെന്നു കരുതുന്നു.

വസ്തുക്കളിൻമേലും കെട്ടിടങ്ങളിൻമേലുമുള്ള സെസ്സ്

വസ്തുക്കളുടെയും കെട്ടിടങ്ങളുടേയും വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു സെസ്സ് ഏർപ്പെടുത്തുന്ന കാര്യം കഴിഞ്ഞ ബഡ്ജറ്റിൽ പ്രസ്താവിക്കപ്പെട്ടുവെങ്കിലും അതു പ്രാവർത്തികമാക്കാൻ സാധിച്ചില്ല. ഈ നിർദ്ദേശം നടപ്പാക്കുന്നതിനുള്ള നടപടികളും തുടരാൻ ഉദ്ദേശിക്കുന്നു. അതനുസരിച്ച് കെട്ടിടങ്ങളുടേയും വസ്തുക്കളുടേയും വാർഷിക വാടകമൂല്യത്തിന്റെ രണ്ടരശതമാനം സെസ്സ് ആയി ഈടാക്കുന്നതാണ്. ഈ നികുതി ഗവൺമെൻറു നേരിട്ടുതന്നെ പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ നിന്നു പ്രതീക്ഷിക്കുന്ന അധികവരവ് 50 ലക്ഷം രൂപയാണ്.

വിൽപ്പന നികുതി

(എ) നിരക്കുകളും പുതുക്കലും:

നികുതി അന്വേഷണക്കമ്മിറ്റിയുടെ ശുപാർശകളും സസൂക്ഷ്മം പരിശോധിച്ചശേഷം വിൽപ്പന നികുതിയുടെ ഘടനയിൽ താഴെപ്പറയുന്ന വ്യത്യാസങ്ങളും വരുത്തുവാനുദ്ദേശിക്കുന്നു:

(1) താഴെ വിവരിച്ചിട്ടുള്ള സാധനങ്ങളുടെ മേലുള്ള വിൽപന നികുതി നിരക്ക് 12 ശതമാനത്തിൽനിന്ന് 15 ശതമാനമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly